എൻ. വി. കൃഷ്ണവാരിയർ

# ഭാരതീയ ജ്ഞാനപീഠം

1965-ാമാണ്ട് പോകുന്ന പോക്കിൽ കേരളത്തിന്നു നൽകിയ "ബഖ്ശിശ്" ആയിരുന്നു മഹാകവി ശ്രീ. ശങ്കരക്കുറുപ്പിന്റെ "ഓടക്കുഴൽ" എന്ന കവിതാസമാഹാരത്തിന്ന് ഒന്നാമത്തെ ജ്ഞാനപീഠം സമ്മാനം ലഭിച്ചുവെന്ന വാർത്ത. ഇന്ത്യൻ ഭരണഘടനയിലെ എട്ടാം പട്ടികയിൽ ചേർത്ത പതിനാലു ഭാഷകളിലുംഎഴുതപ്പെട്ട സർഗ്ഗാത്മകസാഹിത്യകൃതികളിൽ ഏററവും മികച്ചതിന്നുള്ളതാണ് ഈ സമ്മാനം. സമ്മാനത്തിനുവേണ്ടി ഒരു ഗ്രന്ഥത്തിന്റെ പേർ നിർദ്ദേശിക്കപ്പെടുന്ന സമയത്ത് ഗ്രന്ഥകാരൻ ജീവിച്ചിരിപ്പുണ്ടാകണം. 1965 മുതൽ എല്ലാ ആണ്ടിലും തുടർച്ചയായി ഈ സമ്മാനം നൽകപ്പെടും. ആദ്യത്തെ സമ്മാനത്തിന്നായി 1920 മുതൽ 1958 വരെയുള്ള മുപ്പത്തെട്ട് വർഷങ്ങൾക്കകത്ത് പ്രസിദ്ധീകരിച്ച കൃതികളാണ് പരിഗണിക്കപ്പെട്ടത്. 1966 അവസാനത്തിൽ നല്കേണ്ട രണ്ടാമത്തെ സമ്മാനം, 1925 മുതൽ 1959 വരെയുള്ള 34 വർഷങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട കൃതികളിൽനിന്ന് തിരഞ്ഞെടുത്ത ഒന്നിന്നായിരിക്കും. ക്രമത്തിൽ ഈ കാലപരിധി ചുരുക്കിക്കൊണ്ടുവരും; എന്നാലും പ്രസിദ്ധംചെയ്ത് അഞ്ചുവർഷത്തിനുശേഷമേ ഒരു കൃതി സമ്മാനത്തിനുവേണ്ടി നിർദ്ദേശിക്കപ്പെടാൻ അർഹമാകയുള്ളു. ഒരു ഭാഷയിലൊരു കൃതിക്കു സമ്മാനം നൽകപ്പെട്ടാൽ പിന്നീട് രണ്ടുവർഷത്തേക്കു ആ ഭാഷയിലെ കൃതികൾ സമ്മാനത്തിന്നായി പരിഗണിക്കപ്പെടുകയില്ല. സമ്മാനം ഒരൊററ കൃതിയെ മുൻനിർത്തിയാണ് നൽകപ്പെടുക; എങ്കിലും, ഗ്രന്ഥകാരൻ സാഹിത്യത്തിന്നും സംസ്കാരത്തിന്നും നൽകിയ സംഭാവനകളെ പൊതുവെ കണക്കിലെടുക്കുന്നതായിരിക്കും. ഒരു ഗ്രന്ഥകാരന്നു ജീവിതത്തിൽ ഒരിക്കൽ മാത്രമേ ഈ സമ്മാനം നൽകപ്പെടുകയുള്ളു.

## സംഘടന

ഇന്ത്യൻതോതു വെച്ചു നോക്കുമ്പോൾ ഒരുലക്ഷം രൂപ വളരെ വലിയ ഒരു തുകതന്നെയാണ്. ഇത്രയും വലിയ ഒരു തുക സമ്മാനമായിക്കൊടുക്കുമ്പോൾ, പല ആക്ഷേപങ്ങളും അതിനെച്ചൊല്ലി ഉണ്ടായിക്കൂടായ്കയില്ല. അർഹന്മാർക്ക് സമ്മാനം ലഭിച്ചില്ലെന്നും അനർഹന്മാർക്ക് അതു ലഭിച്ചുവെന്നും പരാതിയുണ്ടാവും. സ്വജനപക്ഷപാതം, സ്വഭാഷാപക്ഷപാതം, സ്വപ്രദേശപക്ഷപാതം മുതലായ പല അപരാധങ്ങളും സമ്മാനദാതാക്കളിൽ ആരോപിക്കപ്പെട്ടേക്കാം.



ലേഖകൻ

സമ്മാനത്തിന്നായി പരിഗണിക്കപ്പെടേണ്ട സാഹിത്യസമുച്ചയത്തിന്റെ വൈപുല്യവും വൈവിധ്യവുമാണ് അമ്പരിപ്പിക്കുന്ന മറെറാരു സംഗതി. ഇന്ത്യയിലെ പതിനാലു ഭാഷകൾ ഇനിയും മുഖത്തോടുമുഖം നോക്കി സംസാരിച്ചുതുടങ്ങിയിട്ടില്ല. അവയിലോരോന്നിലുമുണ്ടാകുന്ന മികച്ച സാഹിത്യകൃതികൾ ഈ ഭാഷകൾ തമ്മിൽതമ്മിലോ, ഔദ്യോഗികഭാഷയായ ഹിന്ദിയിലോ, ഉടനടൻ വിവർത്തനം ചെയ്യാനുള്ള ഏർപ്പാടുകൾ ഇതേവരെയുണ്ടായിട്ടില്ല. വ്യാവസായിക വികസനത്തിലെന്നപോലെ സാംസ്കാരികമായ വളർച്ചയിലും ഇന്ത്യയിലെ വ്യത്യസ്ത പ്രദേശങ്ങൾ പലതരങ്ങളിലാണ് നിലകൊള്ളുന്നത്. അതിപ്രാകൃതന്മാർ മുതൽ അത്യന്തപരിഷ്കൃതന്മാർവരെ ഈ വിശാലമായ ഉപഭൂഖണ്ഡത്തിൽ സഹവർത്തിക്കുന്നതുപോലെ, വളർച്ചയുടെ പല തട്ടുകളിൽ വർത്തിക്കുന്ന സാഹിത്യങ്ങളും ഇവിടെ നിലകൊള്ളുന്നുണ്ട്. ഒരു ഭാരതീയ ഭാഷയിൽ അത്യുത്തമമെന്നു പ്രകീർത്തിക്കപ്പെടുന്ന ഒരു കൃതി മറെറാരു ഭാരതീയ ഭാഷ സംസാരിക്കുന്നവരുടെ കണ്ണിൽ കാശിന്നു കൊള്ളരുതാത്തതായികാണപ്പെട്ടേക്കാം. ദശാംശമാനവ്യവസ്ഥ നടപ്പിലായതോടെ ഇന്ത്യയിലെങ്ങും ഭൗതികവസ്തുക്കളുടെ അളവും തൂക്കവും ഏകരൂപമായി കണക്കാക്കാൻ നമുക്കിന്നു കഴിയുന്നുണ്ട്. എന്നാൽ ഭാരതീയ സാഹിത്യത്തിന്നാകെ ഒരുപോലെ പ്രയോഗിക്കാവുന്ന ഒരു മാനദണ്ഡം ഇനിയുമുണ്ടായിട്ടില്ല. ഒരഖില ഭാരതീയ സാഹിത്യസമ്മാനം നേടുന്നതിന്നുള്ള പ്രയാസങ്ങൾ മേൽപറഞ്ഞതിൽനിന്നു ഏറെക്കുറെ വ്യക്തമാകുമല്ലോ.

ഈ പ്രയാസങ്ങളെ നേരിടുന്നതിന്ന് "ജ്ഞാനപീഠം" നിർമ്മിച്ച സംവിധാനങ്ങൾ എന്തെല്ലാമെന്ന് നമുക്ക

**നോബൽ സമ്മാനമൊഴിച്ചാൽ ഒരു ഭാരതീയ സാഹിത്യ കൃതിക്കുലഭിക്കാവുന്ന ഏററവും വലിയ സമ്മാനം നൽകുന്ന സംഘടനയെപ്പററി ചില വിവരങ്ങൾ**

നോക്കാം. ആദ്യത്തെ സമ്മാനമായ ഒരു ലക്ഷം രൂപ നൽകുന്നതിനു പ്രാരംഭമായി അവർക്കു മൂന്നുലക്ഷം രൂപ സംഘടനാ പ്രവർത്തനങ്ങൾക്കായി ചെലവുചെയ്യേണ്ടിവന്നു എന്നതിൽനിന്നുതന്നെ ഈ സംവിധാനങ്ങളുടെ വൈപുല്യവും വൈഷമ്യവും ഊഹിയ്ക്കാൻ കഴിയും.

## അംഗങ്ങൾ

പതിനൊന്നംഗങ്ങളുള്ള ഒരു കേന്ദ്രബോർഡ് —പ്രവരപരിഷത്ത്— ആണ് ജ്ഞാനപീഠ സമ്മാനം സംബന്ധിച്ച അവസാന നിർണ്ണയമെടുക്കുന്നത്. രാജസ്ഥാൻ ഗവണ്ണർ ഡോ: ക്ലർ സമ്പൂർണ്ണാനന്ദ് ആണ് ബോർഡിന്റെ അദ്ധ്യക്ഷൻ. ശ്രീ. കാകാ കാലേല്ലർ, ഡോക്ടർ ആർ. ആർ. ദിവാകർ, ഡോക്ടർ. നീഹാർരഞ്ജൻറായ്, ഡോക്ടർ. ബി. ഗോപാല റെഡ്ഡി, ഡോക്ടർ. കരേൻസിംഗ്, ഡോക്ടർ. വി. രാഘവൻ, ഡോക്ടർ. ഹരേകൃഷ്ണ മേഹ്ത്താബ്, പ്രൊഫസ്സർ. മജീബ് എന്നിവരാണ് ബോർഡിലാദ്യംമുതൽക്കുണ്ടായിരുന്ന നോമിനേററ ചെയ്യപ്പെട്ട അംഗങ്ങൾ. ഇതിൽ പ്രൊഫസർ മുജീബ് ബോർഡിൽനിന്നുരാജിവെച്ചു. പകരം ചീഫ്ജെസ്റ്റീസ് ശ്രീ. ഗജേന്ദ്രഗാഡ്കരെ ബോർഡിലേക്കു നോമിനേററചെയ്തിട്ടുണ്ട്. ഓരോകൊല്ലവും ബോർഡിലെ നോമിനേററ ചെയ്യപ്പെട്ട അംഗങ്ങളിൽ മൂന്നിലൊരുഭാഗം പേർ ഒഴിവാകും. വേണമെങ്കിൽവീണ്ടും അവരെത്തന്നെ നിയമിക്കാവുന്നതാണ്. ശ്രീമതി: രമാജൈനും ശ്രീ. ലക്ഷ്മീചന്ദ്രജൈനും ബോർഡിലെ എക്സ് ഓഫീഷ്യോ അംഗങ്ങളാകുന്നു.

ബോർഡ് പതിനാലു ഭാഷകളിൽ ഓരോന്നിനുംവേണ്ടി ഓരോ ഉപദേശസമിതി വീതം ഉണ്ടാക്കിയിട്ടുണ്ട്. ഒരു കൺവീനറും രണ്ടംഗങ്ങളുമടങ്ങിയ ഈ ഉപദേശക സമിതികളാണ് അതാതു ഭാഷയിൽനിന്നൊരു പുസ്തകം സമ്മാനത്തിന്നായി നിർദ്ദേശിക്കുന്നതു്. അങ്ങിനെ നിർദ്ദേശിയ്ക്കും മുമ്പ് പൂരിപ്പിച്ചയക്കുവാനായി വിശദവിവരങ്ങളടങ്ങിയ നിർദ്ദേശ പത്രികകൾ ഓരോ ഭാഷയിലേയും സാംസ്കാരിക സംഘടനകൾക്കും പത്രങ്ങൾക്കും കോളേജുകളിലെ ഭാഷാ വകുപ്പുകൾക്കും സർവ്വകലാശാലകൾക്കും പ്രശസ്ത വ്യക്തികൾക്കും മററും അയച്ചുകൊടുക്കുന്നു. ജ്ഞാനപീഠത്തിന്റെ കല്ക്കത്തയിലെ ആപ്പീസിൽനിന്ന്, ആവശ്യപ്പെടുന്ന ആർക്കും, ഈ നിർദ്ദേശ പത്രികകൾ ലഭിക്കുന്നതാണ്. സമ്മാനവിവരം പത്രങ്ങളിൽവേണ്ടത്ര മുൻകൂട്ടി പരസ്യപ്പെടുത്താറുണ്ട്.

പൂരിപ്പിച്ചയച്ചുകിട്ടിയ നിർദ്ദേശ പത്രികകൾ പരിശോധിച്ച് ഒന്നോ അധികമോ കൃതികൾ സമ്മാനത്തിനു നിർദ്ദേശിക്കുകയാണ് ഉപദേശക സമിതികളുടെ കർത്തവ്യം. സമിതികൾ അതാതു ഭാഷയിലെ സാഹിത്യ വികാസവുമായി നിരന്തര സമ്പർക്കത്തിൽ വർത്തിക്കണമെന്നാണ് പ്രതീക്ഷ. നിർദ്ദേശ പത്രികകളിലൊന്നും പെടാത്ത പുസ്തകങ്ങളും ഉപദേശ സമിതികൾക്കു പരിശോധിക്കാവുന്നതും സമ്മാനത്തിനു നിർദ്ദേശിക്കാവുന്നതുമാണ്.

## തിരഞ്ഞെടുക്കുന്ന രീതി

പതിനാലു ഭാഷകളിൽനിന്നും സമ്മാനത്തിന്നായി നിർദ്ദേശിക്കപ്പെടുന്ന എല്ലാ കൃതികളും ഹിന്ദിയിലേക്കു തർജ്ജമ ചെയ്യിച്ച്, ആ തർജ്ജമകളുടെ അടിസ്ഥാനത്തിൽ അവയെ താരതമ്യപ്പെടുത്തുകയെന്നതായിരിക്കും ഏററവുമുചിതം. എന്നാൽ, അതിന്ന് വമ്പിച്ച ധനവ്യയവും സമയവ്യയവും വേണ്ടിവരും. അതിനാൽ, സമ്മാനാർത്ഥം പരിഗണിക്കേണ്ട കൃതികളുടെ എണ്ണം വീണ്ടും കുറക്കുവാനായി ആറു ഗ്രൂപ്പ് കമ്മിററികൾ സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു.

1. മറാഠി—ഗുജറാത്ത്
2. തമിഴ്—മലയാളം
3. തെലുങ്ക്—കർണ്ണാടകം
4. ബംഗാളി—ആസ്സാമിയ—ഒറിയ
5. കാശ്മീരി—പഞ്ചാബി—ഉർദ്ദു
6. ഹിന്ദി—സംസ്കൃതം

എന്നിവയാണ് ഈ ഗ്രൂപ്പുകൾ. ഉപദേശകസമിതികളുടെ കാലാവധി മൂന്നു കൊല്ലമാണ്; എന്നാൽ ഗ്രൂപ്പ് കമ്മിററികൾ ഓരോ കൊല്ലവും പുതുതായി സംഘടിപ്പിക്കുവാനാണ് വ്യവസ്ഥ. ഒരു ഗ്രൂപ്പിലുൾപ്പെട്ട രണ്ടോ മൂന്നോ ഭാഷകളിൽ ഒരുപോലെ പാണ്ഡിത്യം നേടിയവരെയാണ് ഈ കമ്മിററികളിലേക്കെടുക്കുക. അവർ ആ ഗ്രൂപ്പിൽപ്പെട്ട ഭാഷകളിലെ നിർദ്ദിഷ്ടകൃതികൾ പരിശോധിച്ചു മികച്ച ഒന്നോ ചിലപ്പോൾ രണ്ടുമോ സമ്മാനത്തിന്നായി തിരഞ്ഞെടുക്കുന്നു. അങ്ങിനെ തിരഞ്ഞെടുക്കപ്പെട്ട കൃതികൾ ഹിന്ദിയിലേയ്ക്ക് വിവർത്തനം ചെയ്യുകയും, ആ വിവർത്തനത്തെ ആസ്പദമാക്കി അവയെ പരസ്പരം താരതമ്യപ്പെടുത്തുകയും ചെയ്യുന്നു.

ഒരു ഭാഷയിൽനിന്നു മറെറാന്നിലേക്കു പകരുമ്പോൾ ഒരു കൃതിയുടെ ഗുണം കുറെയൊക്കെ നഷ്ടപ്പെടുകയെന്നതു സ്വാഭാവികമാണ്. വിവർത്തകൻ അസമർത്ഥനാണെങ്കിൽ ഈ നഷ്ടം വളരെ വലുതായിരിക്കും. ഈ കുറവ് കുറെയെങ്കിലും പരിഹരിക്കാനായി, അന്തിമനിർണ്ണയത്തിനു സമർപ്പിക്കപ്പെടുന്ന കൃതികളിൽ രണ്ടോ മൂന്നോ എണ്ണമെടുത്ത് മൂലങ്ങൾ വെച്ചുകൊണ്ടുതന്നെ താരതമ്യപ്പെടുത്താൻ ബഹുഭാഷാ പ്രവീണരായ പണ്ഡിതന്മാരെ സമീപിക്കുന്നതുമുണ്ട്.

1965-ൽ പ്രഖ്യാപിയ്ക്കപ്പെട്ട ആദ്യത്തെ സമ്മാനത്തിന്ന്, ഗ്രൂപ്പ്കമ്മിററികളുടെ ശുപാർശപ്രകാരം ഹിന്ദി, ബംഗാളി, മറാഠി, ഉർദ്ദു, മലയാളം, തെലുങ്ക്, കർണ്ണാടകം എന്നീ ഏഴുഭാഷകളിലെ കൃതികളാണ് പരിഗണിക്കപ്പെട്ടതു്. അവയിൽ ഹിന്ദി, മറാഠി, ഉർദ്ദു എന്നീ ഭാഷകളിലെ കൃതികൾ ആദ്യംതന്നെ തള്ളിപ്പോയി. ബംഗാളിയിൽ ശ്രീ. കാസി നസ്രുൽ ഇസ്ലാം എഴുതിയ "അഗ്നിവീണ", മലയാളത്തിൽ ശ്രീ. ജി ശങ്കരക്കുറുപ്പിന്റെ "ഓടക്കുഴൽ", കർണ്ണാടകത്തിൽ ശ്രീ. ഡി. വി. ഗുണ്ടപ്പ രചിച്ച "മങ്കുതിമ്മന കഗ്ഗ" എന്നീ കവിതാഗ്രന്ഥങ്ങളും, തെലുങ്കിൽ ശ്രീ. വി. സത്യനാരായണ നിർമ്മിച്ച "വെയി പടഗലു" എന്ന ബൃഹത്തായ നോവലും അവസാന ഘട്ടംവരെ കേന്ദ്രബോർഡിന്റെ മുമ്പിലുണ്ടായിരുന്നു. ഈ നാലെണ്ണത്തിൽനിന്നാണ് "ഓടക്കുഴൽ" സമ്മാനത്തിന്നായി സർവ്വസമ്മതമായി തിരഞ്ഞെടുക്കപ്പെട്ടതു്.

## ജ്ഞാനപീഠം

ശ്രീ. ശാന്തിപ്രസാദ് ജൈൻ എന്ന വ്യവസായ പ്രമുഖൻ 1944-ൽ സ്ഥാപിച്ച ഒരു ഗവേഷണ-സാംസ്കാരിക സ്ഥാപനമാണ് "ഭാരതീയ ജ്ഞാനപീഠം". സംസ്കൃതം, പ്രാകൃതം, പാലി, അപഭ്രംശം, തമിഴ് മുതലായ ഭാരതീയഭാഷകളിലെ അപ്രകാശിതഗ്രന്ഥങ്ങൾ തിരഞ്ഞെടുത്തു പ്രസിദ്ധ

പ്പെടുത്തുകയായിരുന്നു ജ്ഞാനപീഠത്തിന്റെ മുഖ്യോദ്ദേശ്യം. സ്വാഭാവികമായും സംസ്കൃതത്തിലും പ്രാകൃതത്തിലും അപഭ്രംശത്തിലുമുള്ള ജൈനസാഹിത്യത്തിന്റെ പ്രകാശനത്തിലായിരുന്നു ആദ്യം ആ സ്ഥാപനത്തിന്റെ ശ്രദ്ധ. ഈ വകുപ്പിൽ "മൂർത്തിദേവി ഗ്രന്ഥമാല" എന്ന പേരിൽ മുപ്പത്തൊമ്പതും "മാണിക്ചന്ദ്രഗ്രന്ഥമാല" എന്നപേരിൽ ഇരുപത്തൊമ്പതും കൃതികൾ ജ്ഞാനപീഠം പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യം പിൽക്കാലത്ത് കുറേക്കൂടി വികസിപ്പിച്ചു. പൊതുവെ സാഹിത്യസംസ്കാരവികാസം, രാഷ്ട്രൈക്യം മുതലായവ അതിൽച്ചേർന്നു. ഹിന്ദിയിൽ വിവിധ വകുപ്പുകളിലായി ഇരുനൂറിലേറെ പുസ്തകങ്ങൾ ഇതിനകം ജ്ഞാനപീഠം പ്രസിദ്ധംചെയ്തിട്ടുണ്ട്. രണ്ടു മാസികകളും ഇവർ പ്രസിദ്ധപ്പെടുത്തിവരുന്നു. ഹിന്ദിയിലെ പുസ്തകപ്രസാധകർക്കിടയിൽ പ്രമുഖമായൊരു സ്ഥാനം ഇതിനകം "ജ്ഞാനപീഠ"ത്തിനു കൈവന്നിട്ടുണ്ട്. സ്ഥാപകന്റെ പത്നിയായ ശ്രീമതി രമാജൈൻ ആണ് ജ്ഞാനപീഠത്തിന്റെ അധ്യക്ഷ; ശ്രീലക്ഷ്മി ചന്ദ്രജൈൻ അതിന്റെ കാര്യദർശിയാണ്. ജ്ഞാനപീഠത്തിന്റെ പ്രകാശനകാര്യാലയവും മുദ്രണാലയവും കാശിയിലും, വ്യാപാരകാര്യാലയം ദൽഹിയിലും ആണ്; പക്ഷെ മുഖ്യ കാര്യാലയം കൽക്കത്തയിലാകുന്നു. (9, അലീപുർ പാർക്ക് പ്ലെയ്സ്, കൽക്കത്ത 27) 1963-ലാണ് ഇവർ 1 ലക്ഷം രൂപാ സമ്മാനത്തിന്റെ പ്രാരംഭപ്രവർത്തനങ്ങളാരംഭിച്ചത്. 1965 അവസാനമാകുമ്പോഴേക്ക് ഒന്നാം സമ്മാനം പ്രഖ്യാപിക്കാൻ സാധിച്ചു എന്നത് പ്രവർത്തനത്തിന്റെ കാര്യക്ഷമതക്ക് നല്ലൊരു തെളിവാകുന്നു.

(259....ാം പേജിലെ ബാക്കി)

സൃഷ്ടിപരമായ ചിലതൊക്കെ സമുദായത്തിനുവേണ്ടി ചെയ്യണം—അതാണ് അദ്ദേഹത്തിന്റെ ആഗ്രഹം. ഇങ്ങിനെ പല നല്ല കാര്യങ്ങളെക്കുറിച്ചും ആലോചിച്ചുംകൊണ്ടു കഴിഞ്ഞുകൂടുമ്പോഴാണ് മൗലവിസാഹിബിനു വിശ്വസിക്കാവുന്ന കേന്ദ്രങ്ങളിൽനിന്നു ഒരു ജൂനിയർ ആർട്ട്സ് ആന്റ് സയൻസു കോളേജു സ്ഥാപിക്കുകയാണെങ്കിൽ അംഗീകാരം കിട്ടാൻ സാദ്ധ്യതയുണ്ടെന്നറിവുകിട്ടിയത്. പിന്നെ മൗലവിസാഹിബിനെസ്സംബന്ധിച്ചേടത്തോളം കാര്യം ശരിയാക്കാൻ ആരെ സമീപിക്കണം എന്ന ചിന്തയായി. ശുഭാപ്തിവിശ്വാസത്തോടെ രംഗത്തിറങ്ങുകയും ചെയ്തു. പലരെയും സമീപിച്ചു. പലരും പല വിധത്തിൻ പറഞ്ഞു. നിരാശയും, ആശയുമുണ്ടായി. പാലക്കാട്ടുള്ള മൗലവിസാഹിബിന്റെ കൂട്ടുകാർ പറഞ്ഞു: "ഞങ്ങൾക്കിവിടെ കോളേജുണ്ട്. സമുദായത്തിന്റെ സന്താനങ്ങൾക്കു വേണമെങ്കിൽ പഠിക്കുകയും ചെയ്യാം. ഏതെങ്കിലും മുസ്ലിംകേന്ദ്രത്തിൽ തുറക്കാൻശ്രമിക്കുക. കുറച്ചു പണം ഞങ്ങൾ തരാം."

'വരട്ടെ' എന്ന ചിന്തയോടുകൂടി മൗലവിസാഹിബ് പ്രവർത്തനം തുടർന്നു. വിജയിക്കുമെന്ന വിശ്വാസവുമായി മമ്പാടെത്തിച്ചേർന്നു. ആരെയും സ്വീകരിക്കുന്ന മട്ടുകാരനും, സൽസ്വഭാവിയും–തറവാട്ടുകാരനും, മമ്പാടു പഞ്ചായത്ത് പ്രസിഡണ്ടും, പണക്കാരനുമായ ജ: എം. അത്തൻമോയി അധികാരിയുടെ വീട്ടിലേക്കാണ് കയറിച്ചെന്നതു്. പതിവുകാരനായ മൗലവിസാഹിബ് പുതിയൊരു പരിപാടിയുമായി തന്നെ സമീപിക്കുവാൻ വന്നിരിക്കുന്നുവെന്നൊന്നും അധികാരി കരുതിയില്ല. സമുദായം നന്നായികാണാനാഗ്രഹിക്കുന്ന ഒരു പണ്ഡിതനും, അതേ ചിന്താഗതിയുള്ള ഒരു പണക്കാരനും തമ്മിൽ കണ്ടുമുട്ടിയാൽ മഹാത്ഭുതത്തിന്റെ പിറവിക്കു രൂപം നൽകാൻകഴിയും. കാര്യങ്ങൾ പരത്തിപ്പറയുന്ന മട്ടുകാരനായ മൗലവിസാഹിബ് അധികാരിയുടെ മുമ്പിൽ വെച്ചു കോളേജിന്റെ കാര്യം വിവരിച്ചു.

"ലക്ഷക്കണക്കിനുറുപ്പിക വേണം. വിശാലമായ ഭൂമി വേണം. പുറമെ കഠിന യത്നവും. വിജയിക്കുമോ?" എന്നൊന്നും അധികാരി ചിന്തിച്ചില്ല. പ്രശ്നങ്ങളെ പുഞ്ചിരിയോടെ നോക്കിക്കാണുകയും, തന്റേതായ ഒരു പ്രത്യേക മാർഗ്ഗത്തിലൂടെ പരിഹരിക്കുകയും ചെയ്യുന്ന അധികാരി എല്ലാം അല്ലാഹുവിലർപ്പിച്ചുകൊണ്ട് പറഞ്ഞു: "മൌലവിസാഹിബു, കോളേജ് തുടങ്ങിക്കളയാം." ഇതൊക്കെ നടന്നത് 1964ലാണ്. കോളേജുണ്ടായത് 1965ലും.

എട്ടു ഹോസ്റ്റലുകളിലായിട്ടാണ് വിദ്യാർത്ഥികൾ താമസിക്കുന്നത്. അവരുടെ എണ്ണം 130-ൽ കൂടുതൽവരും. പെൺകുട്ടികൾ താമസിച്ചു പഠിക്കുന്നില്ല. തന്നിമിത്തം ഗേൾസ് ഹോസ്റ്റലിന്റെ ആവശ്യകതയുണ്ടായിക്കഴിഞ്ഞിട്ടില്ല. വിദ്യാർത്ഥികളൊക്കെ ഭക്ഷണം കഴിക്കുന്നതു മെയിൻ ഹോസ്റ്റലിൽവെച്ചാണ്. ഹോസ്റ്റൽ നടത്തുന്ന കെട്ടിടം ജ: എം. കെ. ഹാജിയുടേതാകുന്നു. താല്ക്കാലികമായി വിട്ടുകൊടുത്തിരിക്കുകയാണ്. ഹോസ്റ്റലുകൾക്കൊക്കെ വാടക കൊടുക്കണം. അധികാരിയുടെ പക്കൽ ഇപ്പോൾ ഒരു പദ്ധതിയുണ്ട്: "മാനേജിംഗ് കമ്മറ്റിയിലെ ഓരോ അംഗവും ഓരോ ഹോസ്റ്റൽ പണിതുകൊടുക്കുക. വാടക അവർക്ക് നല്കുകയും ചെയ്യും." ഈ പരിപാടി വിജയിക്കുമെന്നതിൽ സംശയമില്ല.

പ്രസിദ്ധരായ പല അദ്ധ്യാപകരും കോളേജിലുണ്ട്. ജ: ടി. അബ്ദുല്ല സാഹിബ് എം. എ. എം. കോം. എൽ. എൽ. ബി. യാണ് പ്രിൻസിപ്പാൾ. കേരള മുസ്ലിംകൾക്കു സുപരിചിതനായ ഇദ്ദേഹം കോളേജിനെ അഭിവൃദ്ധിയിൽനിന്നു അഭിവൃദ്ധിയിലേക്കു നയിക്കുമെന്നു നമുക്കു വിശ്വസിക്കാം.

[സ്ഥലദൌർലഭ്യത്താൽ എല്ലാ മുസ്ലിംസ്ഥാപനങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ചേർക്കാൻ കഴിയാത്തതിൽ ഞങ്ങൾക്കു ഖേദമുണ്ട്. ചേർത്തവയുടെ ചരിത്രമാകട്ടെ വളരെ സംഗ്രഹിക്കേണ്ടിയും വന്നിട്ടുണ്ട്, ച. പ]

—......... ....—

അങ്കം വെട്ടാൻ

തങ്കം നൽകൂ!